# അന്യനെ കുറ്റം വിധിക്കുവാൻ നീ ആര്?

## യാക്കോബ് 5:9

"സഹോദരന്മാരെ, വിധിക്കപ്പെടാതിരിക്കുവാൻ ഒരുവന്റെ നേരെ ഒരുവൻ ഞരങ്ങിപ്പോകരുത്; ഇതാ ന്യായാധിപതി വാതിൽക്കൽ നിൽക്കുന്നു."

നമ്മുടെ ജീവിതത്തിൽ ചില പ്രതികൂല സാഹചര്യങ്ങൾ കടന്നു വരുമ്പോൾ നാം പലരെയും അകാരണമായി കുറ്റം ചുമത്താൻ ഇടയുണ്ട്. എന്നാൽ അത് ശരിയല്ല എന്ന് ഈ വചനം വ്യക്തമായി പഠിപ്പിക്കുകയാണ്. നീതിയോടെ വിധിക്കുന്ന കർത്താവിന്റെ സന്നിധിയിൽ എല്ലാ ഭാരങ്ങളെയും പൂർണ്ണമായും വിട്ടുകൊടുക്കുവാൻ നാം തയ്യാറാവണം.

മത്തായി 7:2 "നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങളെയും അളന്നു കൊള്ളും."

പലപ്പോഴും നമ്മുടെ ചില കണക്കുകൂട്ടലുകൾ കൊണ്ടാണ് മറ്റുള്ളവരെ നാം അളക്കുന്നത്. എന്നാൽ ദൈവമോ സകല മനുഷ്യരുടെയും ഹൃദയങ്ങളെ ശോധന ചെയ്യുന്നുവല്ലോ. മനുഷ്യൻ പുറമെ ഉള്ളതു മാത്രമെ കാണുന്നുള്ളുവല്ലോ. മറ്റുള്ളവരുടെ കുറവുകൾ കണ്ടു പിടിക്കുവാൻ നമുക്കെളുപ്പമാണ്. എന്നാൽ ആ സമയം നമ്മുടെ തന്നെ ജീവിതത്തെ ഒന്നു ശോധന ചെയ്തു നോക്കിയാൽ നമ്മിൽ എത്രയധികം കുറ്റങ്ങളും കുറവുകളുമുണ്ടെന്ന് നമുക്ക് മനസ്സിലാകും. അതുകൊണ്ടാണല്ലോ സ്വന്തം കണ്ണിലെ കോൽ എടുത്തിട്ട് മറ്റുള്ളവന്റെ കണ്ണിലെ കരട് എടുക്കണമെന്ന് കർത്താവ് പഠിപ്പിച്ചത്.

നമ്മുടെ സഹോദരനോട് ക്ഷമിക്കുവാൻ നമുക്ക് കഴിയുന്നില്ല എങ്കിൽ കർത്താവിന് നമ്മോടും ക്ഷമിക്കുവാൻ കഴിയുകയില്ല. മറ്റുള്ളവരുടെ കുറ്റങ്ങൾ പറഞ്ഞ് നാം വിധിക്കുമ്പോൾ നമ്മിലുള്ള പരിശുദ്ധാത്മാവിനെ തന്നെ നാം ദുഃഖിപ്പിക്കുകയാണ് ചെയ്യുന്നത് എന്ന് നാം പലപ്പോഴും മറന്നു പോകുന്നു.

നമ്മുടെ കർത്താവ് എത്രത്തോളം ക്ഷമയും മനസ്സാക്ഷി ഉള്ളവനുമായിരുന്നു. ആ മാതൃക തന്നെ നമ്മുടെയും ജീവിതത്തിൽ വെളിപ്പെടണം. നമ്മുടെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവരെ അനുഗ്രഹിക്കുവാനും നമുക്ക് കഴിയട്ടെ. മറ്റുള്ളവരിലെ കുറ്റങ്ങൾ കണ്ടെത്തുന്നതിനു പകരം അവരുടെ നന്മകൾ കണ്ടെത്തുവാൻ ശ്രമിക്കാം.

ആയതിനാൽ ഇപ്പോഴും നമ്മുടെ ഹൃദയത്തിൽ നാം ആരെയെങ്കിലും കുറ്റപ്പെടുത്തുന്നുണ്ടെങ്കിൽ അതെല്ലാം കർത്താവിന്റെ സന്നിധിയിൽ ഏറ്റുപറഞ്ഞ്

ഉപേക്ഷിക്കാം. എല്ലാവരെയും അവരായിരിക്കുന്നതു പോലെ സ്നേഹിക്കുവാനും കരുതുവാനും നമുക്ക് കഴിയട്ടെ.

നീതിയോടെ നേരോടെ ന്യായം വിധിക്കുന്ന കർത്താവിന്റെ സന്നിധിയിൽ നമുക്കു താണിരിക്കാം. പരസ്പരം ക്ഷമിക്കുവാനും സ്നേഹിക്കുവാനും ദൈവം നമ്മെ ഏവരെയും സഹായിക്കുമാറാകട്ടെ.

പരാമർശം :

മത്തായി 5: 44 –45

ഞാനോ നിങ്ങളോട് പറയുന്നതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനു പുത്രന്മാരായി തീരേണ്ടതിനു തന്നേ; അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെമേലും നീതി കെട്ടവരുടെമേലും മഴ പെയ്യിക്കുകയും ചെയ്യുന്നുവല്ലോ.

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 025